## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 618

11.6.2013-ലെ മറുപടിയ്ക്ക്

### ഫലങ്ങൾ ഉപയോഗിച്ചുള്ള പുതിയ വ്യവസായങ്ങൾ

| ചോദ്യം<br>ശ്രീമതി. ഗീതാ ഗോപി | | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) നാളികേരം, ചക്ക, മാങ്ങ, പപ്പായ തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളെ അടിസ്ഥാനമാക്കി ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉള്ള സാധ്യത വിനിയോഗിക്കുവാൻ വ്യവസായ വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ;<br>ബി) ഇല്ലെങ്കിൽ മേൽപ്പറഞ്ഞ വിഭവങ്ങളെ ആസ്പദമാക്കിയ നൂതന വ്യവസായ സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ മുന്നോട്ട് വരുമോ? | എ) & ബി) | ഉണ്ട്. ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണം, അവയുടെ വിപണനം എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വ്യവസായവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഭക്ഷ്യഉൽപ്പന്നങ്ങളുടെ സംഭരണം, ജൈവ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, അന്താരാഷ്ട്ര നിലവാരമുള്ള സാങ്കേതിക വിദ്യകൾ, വിപണന സഹായം എന്നിവ സംസ്ഥാന ഭക്ഷ്യ സംസ്കരണമിഷൻ മുഖാന്തിരം നൽകി വരുന്നു.<br>കൂടാതെ സംരംഭക സഹായ പദ്ധതി മുഖേന സംരംഭകർക്ക് സാമ്പത്തികസഹായം നൽകുന്നുണ്ട്. ഈ മേഖലയിലുള്ള സംരംഭകർക്ക് നിലവിലുള്ളവ വികസിപ്പിക്കുന്നതിനും ഫുഡ് പ്രോസസിംഗ് മിഷനിൽ നിന്ന് പദ്ധതിയുടെ viability പരിശോധിച്ച് സാമ്പത്തികസഹായം നൽകുന്നുണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ സംസ്ഥാനത്തെ നോഡൽ ഏജൻസിയായ കിൻഫ്ര മുഖേന നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ